മത്സ്യബന്ധനതുറമുഖമായ പുതിയാപ്പ, ഫിഷ് ലാൻറിംഗ് സെൻറുകളായ ചേറ്റുവായ്, ന്യൂമാഹി, ചാലിൽഗോപാലപേട്ട, കൊയിലാണ്ടി, അർത്തുങ്കൽ എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്:

(ബി) 1476.88 ലക്ഷം രൂപ (1/96 വരെ).

മത്സ്യ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സംവിധാനം

58 [1651] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ഉൽപ്പന്നങ്ങൾ ടിന്നിലടച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യ ഉൽപ്പന്നങ്ങൾ കയറ്റുമതിക്കായി ടിന്നിലടച്ച് തയ്യാറാക്കുന്ന 12 സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ മൊത്തം ഉല്പാദനശേഷി 39.13 മെട്രിക് ടണ്ണാണ്.

മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ

59 [1652] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. തൃശ്ശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ മാത്രമാണ് ഇപ്പോൾ വിത്തുല്പാദനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം നെയ്യാർഡാമിൽ 87 ലക്ഷം രൂപ ചെലവു വരുന്ന ഒരു ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly